# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26

## മാതൃക ചോദ്യപേപ്പർ

# സാമൂഹ്യശാസ്ത്രം

**ക്ലാസ് – VIII** **സമയം : 1½ മണിക്കൂർ**

**ആകെ സ്കോർ : 40 സ്കോർ**

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (4×1=4)**

1. ഇന്ത്യയിലേക്ക് കച്ചവടത്തിനായി വന്ന യൂറോപ്യരെ അവർ ഇന്ത്യയിൽ എത്തിയ കാലഗണനയനുസരിച്ച് ക്രമീകരിച്ചിരിക്കുന്നു. ഇവയിൽ ശരിയായ ഗ്രൂപ്പ് തിരഞ്ഞെടുത്തെഴുതുക.

(A) പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ്, ഫ്രഞ്ച് (B) ഡച്ച്, ഇംഗ്ലീഷ്, ഫ്രഞ്ച്, പോർച്ചുഗീസ്

(C) ഇംഗ്ലീഷ്, ഫ്രഞ്ച്, പോർച്ചുഗീസ്, ഡച്ച് (D) പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ്

2. പ്രസ്താവന 1: ഭൂമിയിലെ രാത്രിയെയും പകലിനെയും വേർതിരിക്കുന്ന സാങ്കല്പിക രേഖയാണ് പ്രകാശവൃത്തം.

പ്രസ്താവന 2: ഭൂമി നിശ്ചിത ഭ്രമണപഥത്തിൽ സൂര്യന് ചുറ്റും പ്രദക്ഷിണം വയ്ക്കുന്നതാണ് പരിക്രമണം.
മുകളിൽ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(A) പ്രസ്താവന 1 മാത്രം (B) പ്രസ്താവന 2 മാത്രം

(C) പ്രസ്താവന 1ഉം 2 ഉം (D) പ്രസ്താവന 1ഉം അല്ല 2 ഉം അല്ല

3. ചുവടെ നൽകിയിരിക്കുന്ന രണ്ട് സെറ്റുകളിൽ സെറ്റ് 1 സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും സെറ്റ് 2 ഇവയുടെ സ്ഥാപകരും ആണ്. രണ്ട് സെറ്റുകളും ഉചിതമായി ചേർക്കുക.

| സെറ്റ് 1 | സെറ്റ് 2 |
|---|---|
| A. ആര്യസമാജം | i. ഇ.വി. രാമസ്വാമി നായ്ക്കർ |
| B. സ്വാഭിമാനപ്രസ്ഥാനം | ii. അയ്യങ്കാളി |
| C. സാധുജന പരിപാലന സംഘം | iii. സ്വാമി ദയാനന്ദ സരസ്വതി |
| | iv. സ്വാമി വിവേകാനന്ദൻ |

ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ശരിയായത് തിരഞ്ഞെടുത്തെഴുതുക.

(A) A-iii, B- i, C- ii (B) A- i, B- iii, C- ii

(C) A- iii, B- ii, C- iv (D) A- ii, B- iii, C- iv

© State Assessment Cell - SCERT, Kerala

4. കോളം A യ്ക്ക് ഉചിതമായവ കോളം B യിൽ നിന്നും തിരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| തീവ്രദേശീയ വാദികൾ | i. ബാലഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ, ലാലാ ലജ്പത് റായി |
| | ii. സമാധാനപരവും രക്തരഹിതവുമായി സമരങ്ങൾ |
| | iii. സ്വദേശി, ബഹിഷ്കരണം തുടങ്ങിയ പ്രവർത്തനരീതികൾ സ്വീകരിച്ചു |
| | iv. ഫിറോസ്ഷാ മേത്ത, ദാദാഭായ് നവറോജി |

(A) i, ii (B) ii, iii
(C) iii, iv (D) i, iii

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രം ഉത്തരമെഴുതുക. രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരങ്ങൾ എഴുതണം. (3×2=6)**

5. (A) ഗ്രീനിച്ച് മെറിഡിയനിൽ ($0^0$ രേഖാംശരേഖ) രാത്രി 8 മണി ആയിരിക്കുമ്പോൾ $30^0$ കിഴക്ക് $30^0$ പടിഞ്ഞാറ് രേഖാംശങ്ങളിലെ സമയമെത്ര?

അല്ലെങ്കിൽ

(B) പുതുതായി സ്റ്റാർട്ടപ്പ് തുടങ്ങിയ ഒരു വ്യക്തി, തൊഴിലാളികൾക്ക് പകരം യന്ത്രോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഉൽപാദനം നടത്തുന്നു. ഇദ്ദേഹം ഉൽപാദനത്തിനായി ഏത് രീതിയാണ് ഉപയോഗിച്ചത് ?ഈ രീതിയുടെ സവിശേഷത എന്ത്?

6. മൗലികാവകാശങ്ങൾ എന്നാലെന്ത്? ഇന്ത്യൻ ഭരണഘടനയുടെ എത് ഭാഗത്താണ് മൗലികാവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്?

7. 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന് ബ്രിട്ടീഷ് നയത്തിന് ഒരു ഉദാഹരണമാണ് മിന്റോ - മോർലി പരിഷ്കാരം. ഈ പ്രസ്താവന സാധൂകരിക്കുക.

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രം ഉത്തരമെഴുതുക. മൂന്നോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരങ്ങൾ എഴുതുക. (4×3=12)**


8. (A) മൗലികാവകാശങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശമാണ്. എന്തുകൊണ്ട്?

അല്ലെങ്കിൽ

(B) സ്വാതന്ത്ര്യാനന്തരം ഇന്ത്യ സ്വീകരിച്ച സമ്പദ് വ്യവസ്ഥ ഏത്? ഈ സമ്പദ് വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം?

© State Assessment Cell - SCERT, Kerala

9. ചുവടെ നൽകിയിരിക്കുന്ന ചിത്രം നിരീക്ഷിക്കുക. ഇത് ഏത് ആയനാന്ത ദിനത്തെ സൂചിപ്പിക്കുന്നു ഈ ആയനാന്ത ദിനത്തിന്റെ സവിശേഷതകൾ എഴുതുക?




10. തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ നൽകിയിരിക്കുന്ന യൂറോപ്യൻ അധിനിവേശ പ്രദേശങ്ങൾ അടയാളപ്പെടുത്തി പേരെഴുതുക.

(A) കൊച്ചി (B) പോണ്ടിച്ചേരി (C) ബറോച്ച്




11. രാഷ്ട്രനയത്തിന്റെ നിർദ്ദേശക തത്വങ്ങളിലെ ഗാന്ധിയൻ ആശയങ്ങളുടെ സമകാലീന പ്രാധാന്യം വിലയിരുത്തുക.

**12,13 ചോദ്യങ്ങൾക്ക് 4 സ്കോർ വീതം. ഇതിൽ 12-ാം നമ്പർ ചോദ്യത്തിന് ചോയിസ് ഉണ്ട്. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രം ഉത്തരമെഴുതുക. ഉത്തരങ്ങൾ നാലോ അതിൽ കൂടുതലോ വാചകങ്ങളിൽ എഴുതണം. (2×4=8)**

12. A) പുതിയ എൻഫീൽഡ് തോക്കുകളുടെ ഉപയോഗം ഇന്ത്യൻ പട്ടാളക്കാരുടെ മതവിശ്വാസത്തെ വ്രണപ്പെടുത്തിയോ? 1857 ലെ കലാപത്തിന്റെ കാരണങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

**അല്ലെങ്കിൽ**

B) ഇന്ത്യക്കാരിൽ ദേശീയത വളർത്താൻ പാശ്ചാത്യ വിദ്യാഭ്യാസം എത്രത്തോളം സഹായകമായി എന്ന് വിലയിരുത്തുക.

13. അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം വിശദമാക്കുക.

© State Assessment - SCERT, Kerala

**14,15 ചോദ്യങ്ങൾക്ക് 5 സ്കോർ വീതം. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രം ഉത്തരമെഴുതുക. ഉത്തരങ്ങൾ വിശദീകരിച്ച് എഴുതണം. (2×5=10)**

14. A) ഇന്ത്യയുടെ സാമൂഹിക പരിഷ്കരണ രംഗത്ത് രാജാറാം മോഹൻ റോയ്, പണ്ഡിത രമാബായി എന്നിവരുടെ സംഭാവനകൾ വിവരിക്കുക.

**അല്ലെങ്കിൽ**

B) ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടതിൽ പ്ലാസി, ബക്സാർ യുദ്ധങ്ങൾക്കുള്ള പങ്ക് വിലയിരുത്തുക.

15. പ്രാദേശികസമയം, ഗ്രീനിച്ച് സമയം എന്നിവ വിശദമാക്കുക.

© State Assessment Cell - SCERT, Kerala